"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: അനീഷ്.എ.ബി)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഉദ്യോഗകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1.01.10.2019 തീയതിയിലെ DT/2493/2019-A9 നമ്പർ ഉത്തരവ്

2.22.07.2021 തീയതിയിലെ DT/208/2019-A9 നമ്പർ ഉത്തരവ്.

3.29.07.2022 തീയതിയിലെ DT/208/2019-A9 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ: DT/1177/2023-A9 തീയതി: 14-03-2023**

വകുപ്പിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ട്.

1.ഐ.ടി.ഐ. ചാലക്കുടി

2.ഐ.ടി.ഐ. ധനുവച്ചപുരം

3.ഐ.ടി.ഐ ചെന്നീർക്കര

4.ഐ.ടി.ഐ.മാള

വകുപ്പിൽ യു.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ ഒരു ഒഴിവ് എസ്.സി/എസ്.റ്റി വിഭാഗകാർക്ക് പ്രത്യേക നിയമനത്തിനായി സംവരണം ചെയ്തിരിക്കുന്നതിനാൽ മാള ഐ.ടി.ഐ യിലെ ഒഴിവ് ഒഴിച്ചിടുന്നു. ശേഷിക്കുന്ന ഒഴിവുകൾ ഉദ്യോഗകയറ്റം മുഖേനെ നികത്തുന്നു.

വകുപ്പിലെ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം(1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ ക്രമ നം.95.സതീഷ് കുമാർ.വി.കെ , എൽ.ഡി സ്റ്റോർ കീപ്പർ, ഐ.ടി.ഐ (വ) കഴക്കൂട്ടം പരാമർശം(2) പ്രകാരം , യു.ഡി സ്റ്റോർകീപ്പർ തസ്തികയിലേയ്ക്കുള്ള സ്ഥാനകയറ്റം 19.07.2021 മുതൽ ഒരു വർഷത്തേയ്ക്ക് നിരാകരിച്ചിരുന്നു. ശ്രീ.സതീഷ് കുമാർ.വി.കെ യുടെ ജൂനിയറും എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.100 ഉം ആയ ശ്രീ.ബിജു.കെ.എം നു യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഉദ്യോഗകയറ്റം അനുവദിച്ച പരാമർശം (3) ഉത്തരവ് തീയതിയിൽ ശ്രീ.സതീഷ് കുമാർ.വി.കെ യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഉദ്യോഗകയറ്റത്തിനു അർഹനായിരുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ.സതീഷ് കുമാർ.വി.കെ യുടെ ജൂനിയറും , എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.100 ഉം ആയ ശ്രീ.ബിജു.കെ.എം നു യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച 29.07.2022 തീയതി പ്രാബല്യത്തിൽ, ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടെയും കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കുകയില്ല എന്ന വ്യവസ്ഥയിൽ, ശ്രീ.സതീഷ് കുമാർ.വി.കെ യ്ക്ക് യു.ഡി സ്റ്റോർ

/297677/2023

കീപ്പർ തസ്തികയിൽ നോഷണൽ പ്രൊമോഷനും, ശേഷിക്കുന്ന ഒഴിവുകളിൽ പരാമർശം(2) സീനിയോരിറ്റി ലിസ്റ്റിലെ അർഹരായ ജീവനക്കാർക്ക് KS & SSR ലെ പൊതുചട്ടം 28(b)(ii) പ്രകാരം 35600-75400 രൂപ ശമ്പള നിരക്കിൽ യു.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റവും അനുവദിച്ച് ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിയമിച്ചും ഉത്തരവാകുന്നു.

| ക്രമ നം. | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്/തസ്തിക | ഉദ്യോഗക്കയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 95 | സതീഷ് കുമാർ.വി.കെ ,<br>എൽ.ഡി സ്റ്റോർ കീപ്പർ,<br>ഐ.ടി.ഐ (വ) കഴക്കൂട്ടം | ഐ.ടി.ഐ.ധനുവച്ചപുരം | |
| 2 | 103 | സുബ്രഹ്മണ്യൻ.ഇ<br>എൽ.ഡി സ്റ്റോർ കീപ്പർ,<br>ഐ.ടി.ഐ തിരുവമ്പാടി | ഐ.ടി.ഐ.ചാലക്കുടി | |
| 3 | 104 | അബ്ദുൾ ലത്തീഫ്.എ,<br>എൽ.ഡി സ്റ്റോർ കീപ്പർ,<br>ഐ.ടി.ഐ പോരുവഴി | ഐ.ടി.ഐ.ചെന്നീർക്കര | |

ടി ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ജോയിനിംഗ് ടൈം/ടി.എ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. മേൽ ജീവനക്കാരെ വിടുതൽ ചെയ്യതും സേവനത്തിൽ പ്രവേശിപ്പിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

2023 വർഷത്തെ പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ മേൽ ജീവനക്കാർക്ക് നിയമനം അനുവദിച്ചിട്ടുള്ള സ്ഥാപനം പുനപരിശോധിക്കാവുന്നതാണ്.

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**സ്വീകർത്താവ്:-**

ബന്ധപ്പെട്ട ജീവനക്കാർ
(സ്ഥാപനമേധാവി മുഖേനെ)

**പകർപ്പ്:-**

1.ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2.വകുപ്പ് വെബ്സൈറ്റ്
3.കരുതൽ ഫയൽ (എ9)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്